**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2047** **29-09-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ ക്ഷീര ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീര ഗ്രാമം പദ്ധതി മലപ്പുറം മണ്ഡലത്തിൽ എവിടെയെല്ലാമാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | **2019-20-ൽ പുന്നക്കയം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ ഇതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (ബി) | **ഉരുക്കളെ വാങ്ങുന്ന പദ്ധതികൾ, അടിസ്ഥാന സൗകര്യ**വികസനം, തീറ്റപ്പുൽ കൃഷി. |
| (സി) | ഈ സർക്കാർ പ്രസ്തുത മണ്ഡലത്തിലെ ക്ഷീര കർഷകർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് ഓരോ പഞ്ചായത്തുകളും തിരിച്ച് വിശദമാക്കാമോ; | (സി) | പ്രസ്തുത മണ്ഡലത്തിലെ പുന്നക്കയം ഗ്രാമ പഞ്ചായത്തിൽ 1 പശു യൂണിറ്റ്, 2 പശു യൂണിറ്റ് , 5 പശു യൂണിറ്റ്, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തീറ്റ, മിനറൽ മിക്സ്ചർ വിതരണം, ത്രിതല പഞ്ചായത്ത് പദ്ധതികൾ വഴി പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി എന്നിവ നൽകിയിട്ടുണ്ട്. |
| (ഡി) | ക്ഷീര കർഷകരുടെ ക്ഷേമത്തിനായുള്ള എന്തെല്ലാം പുതിയ പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പാക്കുന്നത്; വിശദമാക്കാമോ? | (ഡി) | <u>ക്ഷീര കർഷകർക്കുള്ള പദ്ധതികൾ ഒറ്റനോട്ടത്തിൽ</u><br>മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (MSDP)<br><br>വ്യക്തികൾക്കുള്ള പശു വളർത്തൽ പദ്ധതികൾ, 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 20 പശു യൂണിറ്റ് & സ്മാർട്ട് ഡയറി ഫാം.<br><br>ഗ്രൂപ്പുകൾക്കുള്ള പശു വാങ്ങൽ പദ്ധതി - J L G , S H G, F P O, മറ്റ് രജിസ്റ്റേഡ് ഗ്രൂപ്പുകൾ എന്നിവയ്ക്കുള്ള 5, 10 പശു വളർത്തൽ പദ്ധതി.<br><br><u>ക്ഷീരഗ്രാമം -</u> തെരഞ്ഞെടുത്ത 40 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തി നടത്തുന്ന പ്രത്യേക പദ്ധതി.<br><u>കിടാരി പാർക്ക് ( Heifer Park) –</u> 50 കിടാരികളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും സർക്കാർ പദ്ധതി ഗുണഭോക്താക്കൾക്ക് വിൽപന നടത്തുന്നതിനുമുള്ള പ്രത്യേക പദ്ധതി (വ്യക്തികൾ/ ഗ്രൂപ്പുകൾ /ക്ഷീരസംഘങ്ങൾ / FPO/J LG/ SHG). |

ക്ഷീരലയം- തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡിൽ 10 പശുക്കളെ വളർത്തുന്നതിനുള്ള പദ്ധതി.

ക്ഷീര തീരം - തീരദേശത്തെ മൽസ്യം, കയർ മേഖലയിലെ തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പ്രത്യേക 2 പശു യൂണിറ്റ് പദ്ധതി (വ്യക്തിഗതം).

ഹെർഡ് ക്വാറന്റൈൻ കം കാറ്റിൽ ട്രേഡിംഗ് സെന്റർ - സംസ്ഥാനത്തിന് പുറത്ത് നിന്നും കൊണ്ടു വരുന്ന ഉരുക്കളെ ക്വാറന്റൈൻ ചെയ്യുന്നതിനും പദ്ധതി ഗുണഭോക്താക്കൾക്ക് ആരോഗ്യമുള്ള ഉരുക്കളെ വിതരണം ചെയ്യുന്നതിനമുള്ള പ്രത്യേക പദ്ധതി.

ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം- ഡയറി ഫാമിംഗ് സംരംഭങ്ങൾക്കായി 5ലക്ഷത്തിൽ കുറയാത്ത ലോൺ എടുത്ത് കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് 5 വർഷം വരെ 100 ശതമാനം പലിശയും സബ്സിഡിയായി നൽകുന്നു. (പ്രതിവർഷം പരമാവധി 3 ലക്ഷം രൂപ).

അസിസ്റ്റൻസ് ടു പ്രോഗ്രസ്സീവ് ഡയറി ഫാർമേഴ്സ് ( ആവശ്യാധിഷ്ഠിത ധനസഹായം).

ധാതുലവണ മിശ്രിതം വിതരണം
ഡയറി ഫാമുകളുടെ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും.
കാലിത്തൊഴുത്ത് നിർമ്മാണം.
കറവയന്ത്രം.
കൊമേഴ്സ്യൽ ഡയറി ഫാമുകളുടെ ആധുനികവൽക്കരണം.
തീറ്റപ്പുൽകൃഷി വികസന പദ്ധതി.
ക്ഷീരകർഷകർ , ക്ഷീരസംഘങ്ങൾ എന്നിവ മുഖേന തീറ്റപ്പുൽ കൃഷി ഉൽപാദനവും സംരക്ഷണവും ജലസേചന ധനസഹായം യന്ത്രവൽക്കരണ ധനസഹായം - ചാഫ് കട്ടർ, ബ്രഷ് കട്ടർ മുതലായ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി.

വാണിജ്യാടിസ്ഥാനത്തിൽ തരിശു നിലത്തിൽ തീറ്റപ്പുൽ കൃഷി - 1 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യുന്നതിന് വ്യക്തികൾ, ഗ്രൂപ്പുകൾ , ക്ഷീരസംഘങ്ങൾ എന്നിവയ്ക്കുള്ള പദ്ധതി.

ഫോഡർ ഹബ്സ്/ ഫോഡർ മാർക്കറ്റിംഗ് ( ജെ എൽ ജി/ എസ് എച്ച് ജി) - 1 ഏക്കർ സ്ഥലത്ത്

| | | | |
|---|---|---|---|
| | | | വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി.<br><br>ചോളം കൃഷി ചെയ്യുന്നതിനുള്ള ധനസഹായം.<br><br>കണ്ടിജൻസി ഫണ്ട് - ക്ഷീരകർഷകർക്ക് പശുവളർത്തലിൽ ആകസ്മികമായുണ്ടാകുന്ന നഷ്ടങ്ങൾക്കുള്ള ധനസഹായം.<br><br>8 മാസം മുതൽ ചെനയുള്ള 700 കറവപശുക്കൾക്ക് സ്പെഷ്യൽ കെയർ പാക്കേജ് പദ്ധതി.<br><br>ക്ഷീരസംഘങ്ങൾ വഴി പച്ചപ്പുൽ, സൈലേജ്, വയ്ക്കോൽ വിതരണം.<br>ഫാം ലെവൽ ഹൈജീൻ - 5പശുക്കൾ മുതലുള്ള ഫാമുകളിലെ ശുചിത്വവൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതി. |

സെക്ഷൻ ഓഫീസർ